പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4199

12.11.2019 - ൽ മറുപടിക്ക്.

## നിലമ്പൂർ താലൂക്കിൽ പ്രളയത്തിൽ ഉണ്ടായ നഷ്ടം - വ്യാപാരികൾക്ക് ധനസഹായം

<u>ചോദ്യം</u>
ശ്രീ. പി. വി. അൻവർ

<u>മറുപടി</u>
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) 2019 ആഗസ്റ്റിൽ നിലമ്പൂർ താലൂക്കിൽ പ്രളയത്തിൽ & പൂർണ്ണമായും മുങ്ങി നാശനഷ്ടം നേരിട്ട വ്യാപാരികൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ അല്ലാത്തവർക്ക് പ്രളയ നഷ്ടപരിഹാരം നൽകുന്നതിന് സാധിക്കുമോ ; വിശദമാക്കാമോ ;

(എ) : (ബി) 2019- ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതികൾ നിലവിലില്ല. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യവസായ സ്ഥാപനങ്ങളുടെ (എം.എസ്.എം.ഇ.) പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് മാത്രമേ പദ്ധതികൾ നിലവിലുള്ളൂ.

(സി) പ്രളയ നഷ്ടം നേരിട്ടവർക്ക് ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് നടപ്പാക്കിയ ഉപജീവന സഹായ പദ്ധതിയുടെ പ്രയോജനം നിലമ്പൂർ താലൂക്കിലും ലഭ്യമാക്കുമോ ; പദ്ധതിയുടെ വ്യവസ്ഥകൾ എന്തൊക്കെയാണ്.

(സി) : 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് പുനരുദ്ധാരണത്തിനായി സർക്കാർ ഉജ്ജീവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2018-ലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായ സ്ഥാപനങ്ങൾക്ക് അവയുടെ പുനരുദ്ധാരണത്തിനായി ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് ആനുപാതികമായി

വായ്പയുടെ 25 ശതമാനമോ പരമാവധി 2 ലക്ഷം രൂപ വരെയോ മാർജിൻ മണിയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാങ്കുകൾക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നിലമ്പൂർ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഉണ്ടായ നഷ്ടം (വ്യപാര മേഖലയിൽ) സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

(ഡി) : കണക്കാക്കിയിട്ടുണ്ട്.

2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ വ്യാപാര മേഖലയിൽ ഉണ്ടായ നാശനഷ്ടം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സർവ്വേയിലൂടെ ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വേ പ്രകാരം വ്യാപാര മേഖലയിൽ ആകെ 521 യൂണിറ്റുകൾക്കായി 4406.3 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.